ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 07.07.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഇന്തോനേഷ്യൻ സന്ദർശനം തുടരുന്നു; പ്രസിഡന്റ് പ്രബോവോ സുബിയാന്തോയുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും.

   **Prime Minister Narendra Modi's Indonesia visit enters key phase; bilateral talks with President Prabowo Subianto today.**

2. സഹകരണ മേഖലയെ ആധുനിവത്ക്കരിക്കാനും 30 കോടി ജനങ്ങളുടെ ജീവിതത്തിന് പുതിയ ഊർജ്ജം പകരാനും സഹകരണ മന്ത്രാലയത്തിന് കഴിഞ്ഞതായി കേന്ദ്രമന്ത്രി അമിത് ഷാ.

   **The Cooperation Ministry has transformed the cooperative sector and empowered 30 crore people, says Union Minister Amit Shah.**

3. പശ്ചിമേഷ്യൻ പര്യടനത്തിന്റെ ഭാഗമായി ബഹ്റൈനിലെത്തിയ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ബഹ്റൈൻ വിദേശകാര്യ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

   **External Affairs Minister S. Jaishankar meets Bahraini Foreign Minister during West Asia visit.**

4. ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗം കൊച്ചിയിൽ തുടരുന്നു; ക്രിയാത്മകമായ സഹകരണത്തിന് യോഗം വഴിയൊരുക്കുമെന്ന് കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം സെക്രട്ടറി അനിൽ മാലിക്.

   **BRICS Women's Working Group meeting continues in Kochi; constructive cooperation to get a major boost, says Women and Child Development Secretary Anil Malik.**

5. ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ ലോകകപ്പ് മോഹങ്ങൾക്ക് വിരാമം; പോർച്ചുഗലിനെ തകർത്ത് സ്പെയിൻ ക്വാർട്ടറിൽ.

**Cristiano Ronaldo's World Cup dream ends as Spain outclass Portugal to storm into the quarterfinals.**

6. **ഉത്തര കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത; അഞ്ചിടത്ത് മഞ്ഞ ജാഗ്രത; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

**Heavy rain likely over North Kerala; Yellow alert in five districts, fishing banned along Kerala, Karnataka and Lakshadweep coasts.**

**&&&&&&&&&&&&&&&&&&&**

## PM–INDONESIA

ത്രിരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി ഇന്തോനേഷ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി, പ്രസിഡന്റ് പ്രബോവോ സുബിയാന്തോ യുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. ജക്കാർത്തയിൽ നടക്കുന്ന പരിപാടിയിൽ ഇന്ത്യൻ പ്രവാസി സമൂഹത്തെ ശ്രീ മോദി അഭിസംബോധന ചെയ്യും. ജക്കാർത്ത വിമാനത്താവളത്തിൽ ഇന്തോനേഷ്യൻ പ്രസിഡൻറ് നേരിട്ടെത്തി പ്രധാനമന്ത്രിയെ സ്വീകരിച്ചു. പരമ്പരാഗത കലാരൂപങ്ങളുടെ അകമ്പടിയോടെയാണ് ഇന്തോനേഷ്യൻ സമൂഹവും ഇന്ത്യൻ പ്രവാസികളും ചേർന്ന് പ്രധാനമന്ത്രിയെ സ്വീകരിച്ചത്. പ്രശസ്തമായ പ്രംബാനൻ ക്ഷേത്ര സമുച്ചയവും പ്രധാനമന്ത്രി സന്ദർശിക്കും.

**&&&&&&&&&&&&**

## INDONESIA – AMBASSADOR (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഇന്തോനേഷ്യൻ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ആഴത്തിലാക്കുമെന്നാണ് വിലയിരുത്തൽ. സന്ദർശനവേളയിൽ നിരവധി കരാറുകളിലും ഒപ്പുവെയ്ക്കും. **ഒരു റിപ്പോർട്ട്...**

**(വോയിസ്)**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഇന്തോനേഷ്യൻ സന്ദർശനത്തിൽ ഇരുരാജ്യങ്ങളും തമ്മിൽ നിരവധി കരാറുകളിൽ ഒപ്പുവെയ്ക്കുമെന്ന് ഇന്തോനേഷ്യയിലെ ഇന്ത്യൻ അംബാസിഡർ സന്ദീപ് ചക്രവർത്തി പറഞ്ഞു. പ്രതിരോധം,

വ്യാപാരം, ഊർജ്ജം, ഭക്ഷ്യസുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിലെ സഹകരണം വർധിപ്പിക്കുകയാണ് കരാറുകളുടെ ലക്ഷ്യം. ഉഭയകക്ഷി സഹകരണം വർധിപ്പിക്കുക, സാമ്പത്തിക - സമുദ്ര മേഖലയിലെ ബന്ധം ശക്തിപ്പെടുത്തുക എന്നിവയ്ക്കാണ് സന്ദർശനം ഊന്നൽ നൽകുന്നതെന്ന് ശ്രീ. സന്ദീപ് ചക്രവർത്തി അറിയിച്ചു. സുപ്രധാനമായ 5 മേഖലകളിലെ പുതിയ സംരംഭങ്ങളെ കുറിച്ച് പ്രഖ്യാപനം ഉണ്ടാകുമെന്നാണ് പ്രതീക്ഷ. ഇന്ത്യയും ഇന്തോനേഷ്യയും ഏറ്റവും അടുത്ത ബന്ധമാണ് പുലർത്തുന്നത്. ഇന്ത്യയുടെ നിക്കോബാർ ദ്വീപുകൾ ഇന്തോനേഷ്യയിലെ ആചെ പ്രവിശ്യയിൽ നിന്ന് വെറും 160 കിലോമീറ്റർ അകലെയാണുള്ളതെന്നും, ഇത് ഇൻഡോ-പസഫിക് മേഖലയിലെ ഇരു രാജ്യങ്ങളുടെയും സമുദ്രാധിഷ്ഠിത ബന്ധത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

**ന്യൂസ് ഡെസ്ക്, ആകാശവാണി..**

**&&&&&&&&&&&&**

## PM AUS-NZ

സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ ഈ മാസം 8 മുതൽ 10 വരെ പ്രധാനമന്ത്രി ഓസ്ട്രേലിയ സന്ദർശിക്കും. മെൽബണിൽ നടക്കുന്ന ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിലും, ബിസിനസ്സ് ഫോറത്തിലും അദ്ദേഹം പങ്കെടുക്കും. തുടർന്ന് ജൂലൈ 10 മുതൽ 11 വരെ ന്യൂസിലൻഡ് സന്ദർശിക്കുന്ന ശ്രീ മോദി ന്യൂസിലൻഡ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും

**&&&&&&&&&&&&**

## AMIT SHAH-COOPERATION

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ രാജ്യത്തെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏകദേശം 30 കോടി ജനങ്ങളുടെ ജീവിതത്തിലേക്ക് പുതിയ ഊർജ്ജം പകരാൻ സഹകരണ മന്ത്രാലയത്തിന് സാധിച്ചതായി കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ നടന്ന സഹകരണ മന്ത്രാലയത്തിന്റെ അഞ്ചാം സ്ഥാപക

ദിനാഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ സഹകരണ വ്യവസ്ഥയെ ആധുനികവും സുതാര്യവും സാങ്കേതികവിദ്യാധിഷ്ഠിതവും മത്സരക്ഷമതയുള്ളതുമായി മാറ്റാൻ മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞെന്ന് ശ്രീ അമിത് ഷാ പറഞ്ഞു. സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ ദേശീയ റാങ്കിംഗ് ചട്ടക്കൂട് ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി.

**&&&&&&&&&&&&**

## Jaishankar-Bahrain

പശ്ചിമേഷ്യൻ പര്യടനത്തിന്റെ ഭാഗമായി വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ ബഹ്‌റൈനിൽ എത്തി. ഖത്തർ സന്ദർശനം പൂർത്തിയാക്കിയ ശേഷമാണ് അദ്ദേഹം ബഹ്‌റൈനിലെത്തിയത്. ബഹ്‌റൈൻ വിദേശകാര്യ മന്ത്രി ഡോ. അബ്ദുല്ലത്തീഫ് ബിൻ റാഷിദ് അൽ സയാനിയുമായി ഡോ. ജയശങ്കർ മനാമയിൽ കൂടിക്കാഴ്ച നടത്തി. പ്രവാസി സമൂഹത്തിന്റെ ക്ഷേമം ഉറപ്പാക്കുന്ന ബഹ്‌റൈൻ സർക്കാരിന് ശ്രീ ജയശങ്കർ നന്ദി അറിയിച്ചു.

**&&&&&&&&&&&&**

## GADKARI- REVIEW MEETING

രാജ്യത്തുടനീളം വികസിപ്പിച്ചുവരുന്ന മൾട്ടി മോഡൽ ലോജിസ്റ്റിക്സ് പാർക്കുകൾ, റോപ്വേകൾ, ഇന്റർമോഡൽ സ്റ്റേഷനുകൾ, വഴിയോര സൗകര്യങ്ങൾ എന്നിവയുടെ പുരോഗതി കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം വിലയിരുത്തി. നാഷണൽ ഹൈവേസ് ലോജിസ്റ്റിക്സ് മാനേജ്മെന്റ് ലിമിറ്റഡിന്റെ അവലോകന യോഗത്തിലാണ് പദ്ധതികളുടെ പുരോഗതി മന്ത്രി അവലോകനം ചെയ്തത്. ഭാവി സജ്ജവും സംയോജിതവുമായ ഒരു ഗതാഗത ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ ഈ സംരംഭങ്ങൾക്ക് വലിയ പ്രാധാന്യമുണ്ടെന്ന് യോഗത്തിൽ ശ്രീ ഗഡ്കരി വ്യക്തമാക്കി.

**&&&&&&&&&&&&**

## AYODHYA TEMPLE TRUST MEETING

അയോധ്യ ശ്രീ രാമജന്മഭൂമി ക്ഷേത്ര ട്രസ്റ്റിന്റെ താത്കാലിക ജനറൽ സെക്രട്ടറിയായി കൃഷ്ണ മോഹനെ നിയമിച്ചു. ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത് റായ്, ട്രസ്റ്റ് അംഗം അനിൽ മിശ്ര എന്നിവരുടെ രാജി ഇന്നലെ ചേർന്ന ട്രസ്റ്റ് യോഗം സ്വീകരിച്ചു. സംഭാവന തട്ടിപ്പ് ആരോപണത്തെ തുടർന്നാണ് ഇരുവരും രാജി വച്ചത്.

&&&&&&&&&&&&

## POK-PROTEST

പാക് അധിനിവേശ കശ്മീരിൽ ജനകീയ പ്രതിഷേധം ശക്തം. 48 മണിക്കൂറിനുള്ളിൽതങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ ജമ്മു കശ്മീർ ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റി പാകിസ്ഥാൻ സർക്കാരിന് അന്ത്യശാസനം നൽകി. പാക് സേനയുടെ നടപടികൾക്കെതിരെ വിവിധ പ്രദേശങ്ങളിൽ പ്രതിഷേധം ശക്തമായതോടെ വ്യാപക ഷെല്ലാക്രമണവും ഏറ്റുമുട്ടലുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഉപരോധം പിൻവലിക്കുക, ആശയവിനിമയ സേവനങ്ങൾ പുനഃസ്ഥാപിക്കുക, അവശ്യസാധനങ്ങളുടെ വിതരണം ഉറപ്പാക്കുക, അറസ്റ്റിലായ നേതാക്കളെ മോചിപ്പിക്കുക എന്നിവയാണ് പ്രതിഷേധക്കാരുടെ ആവശ്യങ്ങൾ.

&&&&&&&&&&&&

## SPECIAL TRAINS (INTRO)

രാജ്യത്ത്, വരുന്ന ഉത്സവ സീസണിൽ 300-ലധികം പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് കേന്ദ്ര റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവ്. ഓണക്കാലത്ത് റെയിൽവേ 100-ലധികം പ്രത്യേക ട്രെയിനുകൾ ഏർപ്പെടുത്തിയതായി അദ്ദേഹം ന്യൂഡൽഹിയിൽ അറിയിച്ചു.
( വോയിസ്....)

&&&&&&&&&&&&

## Atmanirbhar Panchayat

'ആത്മനിർഭർ പഞ്ചായത്ത്' പദ്ധതിയെക്കുറിച്ചുള്ള ബോധവൽക്കരണ ശിൽപശാല ഇന്ന് കൊച്ചിയിൽ നടക്കും.

കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ കേരള തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് ഹൈബ്രിഡ് രീതിയിലാണ് ശിൽപശാല സംഘടിപ്പിക്കുന്നത്. പഞ്ചായത്തുകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ലക്ഷ്യമിടുന്ന പദ്ധതി ഉപയോഗശൂന്യമായ ആസ്തികളും പ്രാദേശിക സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിന് മുൻഗണന നൽകും.

**&&&&&&&&&&&&&**

## BRICS WOMEN MEETING (INTRO)

ബ്രിക്സ് വനിതാ പ്രവർത്തക സമിതിയുടെ രണ്ട് ദിവസത്തെ യോഗത്തിന് കൊച്ചിയിൽ തുടക്കമായി. ഇന്ത്യ ഈ വർഷത്തെ ബ്രിക്സ് അധ്യക്ഷ പദവി വഹിക്കുന്നതിന്റെ ഭാഗമായിയാണ് യോഗം നടക്കുന്നത്.

**ഒരു റിപ്പോർട്ട്...**

**(വോയിസ്)**

സ്ത്രീശാക്തീകരണം, സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനം തുടങ്ങിയവയാണ് യോഗത്തിലെ പ്രധാനചർച്ചാ വിഷയം. അർത്ഥവത്തായ ചർച്ചകൾക്കും പരസ്പര പഠനത്തിനും ക്രിയാത്മകമായ സഹകരണത്തിനും ഈ യോഗം വഴിയൊരുക്കുമെന്ന് പ്രതിനിധികളെ സ്വാഗതം ചെയ്തുകൊണ്ട്, വനിതാ ശിശുവികസന മന്ത്രാലയം സെക്രട്ടറി അനിൽ മാലിക് വ്യക്തമാക്കി.കൂടിയാലോചനകളിൽ അംഗരാജ്യങ്ങൾ പ്രകടിപ്പിച്ച ക്രിയാത്മകമായ സമീപനം അടുത്ത രണ്ട് ദിവസത്തെ ചർച്ചകളേയും നയിക്കുമെന്ന ആത്മവിശ്വാസവും അദ്ദേഹം പ്രകടിപ്പിച്ചു. പ്രധാനമായി നാല് മുൻഗണനാ മേഖലകളെ അടിസ്ഥാനമാക്കിയാണ് വനിതാ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ രൂപകൽപന ചെയ്തിട്ടുള്ളതെന്ന് ശ്രീ.അനിൽ മാലിക് അറിയിച്ചു. ഭരണരംഗത്തെ വനിതാ പങ്കാളിത്തത്തിലൂടെയും നേതൃത്വത്തിലൂടേയും കൂടുതൽ കരുത്തുറ്റ ഒരു ബ്രിക്സ് സഖ്യം രൂപീകരിക്കുക, സ്ത്രീകളുടെ സാമ്പത്തിക - ഡിജിറ്റൽ പങ്കാളിത്തം ഉറപ്പാക്കുക, വനിതാ സംരംഭകത്വവും നൈപുണ്യ വികസനവും പ്രോത്സാഹിപ്പിക്കുക, ഭക്ഷ്യസുരക്ഷ,

പോഷകാഹാരം എന്നിവ സ്ത്രീകളുടെ പങ്ക് ശക്തിപ്പെടുത്തുക എന്നിവയാണ് ഈ നാല് മേഖലകൾ. ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നുള്ള മുതിർന്ന സർക്കാർ ഉദ്യോഗസ്ഥരാണ് യോഗങ്ങളിൽ പങ്കെടുക്കുന്നത്. ബുധൻ, വ്യാഴം ദിവസങ്ങളിൽ വനിതാ മന്ത്രിതല യോഗം നടക്കും. 'പ്രതിരോധശേഷി, നൂതനാശയങ്ങൾ, സഹകരണം, സുസ്ഥിരത എന്നിവ കെട്ടിപ്പടുക്കുക' എന്ന പ്രമേയത്തിന് കീഴിലാണ് ചർച്ചകൾ നടക്കുന്നത്. ജൂലൈ എട്ടിന് ആരംഭിക്കുന്ന മന്ത്രിതല യോഗത്തിൽ കേന്ദ്ര വനിതാ ശിശുവികസന വകുപ്പ് മന്ത്രി അന്നപൂർണാ ദേവി പങ്കെടുക്കും. തുടർന്ന് സംയുക്ത പ്രഖ്യാപനത്തിന്റെ കരട് രൂപത്തിന്മേൽ വിവിധ രാജ്യങ്ങളിലെ മന്ത്രിമാർ ചർച്ചകൾ നടത്തും. സമ്മേളന സമാപന ദിവസമായ ജൂലൈ ഒമ്പതിന് 'സംയുക്ത വനിതാ മന്ത്രിതല പ്രമേയത്തിന്റെ കരട്' അവതരിപ്പിക്കും.

**ന്യൂസ് ഡെസ്ക്. ആകാശവാണി............**

**&&&&&&&&&&&&**

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം തുടരുന്നു. സെൽഫ് എന്യുമേറേഷൻ നടത്തിയവർക്ക് ഓൺലൈനിൽ ലഭിച്ച ഐ.ഡി പരിശോധിച്ച് വിവരങ്ങൾ സ്ഥിരീകരിച്ച ശേഷമാണ് വിവരശേഖരണം നടത്തുന്നത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും.

**&&&&&&&&&&&&**

## Kerala Rain

കേരളത്തിൽ ഇന്ന് വിവിധ ജില്ലകളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ

ഇന്നും നാളെയും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&

## FIFA WC

ഫിഫ ലോകകപ്പ് പ്രീ-ക്വാർട്ടർ പോരാട്ടത്തിൽ പോർച്ചുഗലിനെ തകർത്ത് സ്പെയിൻ ക്വാർട്ടർ ഫൈനലിൽ കടന്നു. ഏകപക്ഷീയമായ ഒരു ഗോളിനാണ് സ്പെയിനിന്റെ ജയം. മത്സരത്തിൻറെ 91-ാം മിനിറ്റിൽ മിക്കൽ മെറിനോയാണ് സ്പെയിനിനായി വിജയഗോൾ നേടിയത്. ഇതോടെ പോർച്ചുഗൽ ലോകകപ്പിൽ നിന്ന് പുറത്തായി. മറ്റൊരു പ്രീക്വാർട്ടറിൽ യുഎസ് ബെൽജിയത്തെ നേരിടുകയാണ്. ബെൽജിയമിപ്പോൾ 4-1 ന് മുന്നിലാണ്. ഇന്ന് രാത്രി 9.30ന് നടക്കുന്ന പ്രീക്വാർട്ടറിൽ അർജന്റീന ഈജിപ്റ്റുമായി ഏറ്റുമുട്ടും.

&&&&&&&&&&&&

## IND vs ENG T20

ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഇന്ത്യൻ സമയം രാത്രി 10 മണിക്ക് ഇംഗ്ലണ്ടിലെ ട്രെന്റ് ബ്രിഡ്ജ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. പരമ്പരയിൽ ഇംഗ്ലണ്ട് 1-0ന് മുന്നിലാണ്.

&&&&&&&&&&&&

## Wimbledon

വിംബിൾഡൺ ടെന്നീസ് ക്വാർട്ടർ ഫൈനലിൽ ലോക ഒന്നാം നമ്പർ താരവും നിലവിലെ ചാമ്പ്യനുമായ യാനിക് സിന്നർ ഇന്ന് ജർമ്മനിയുടെ ജാൻ-ലെനാർഡ് സ്ട്രഫിനെ നേരിടും. മറ്റൊരു ക്വാർട്ടറിൽ സെർബിയയുടെ നൊവാക് ജോക്കോവിച്ച് കനേഡിയൻ താരം ഫെലിക്സ് ഓഗർ-അലിയാസെമിനെ നേരിടും. വനിതാ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ അമേരിക്കൻ താരം ജെസീക്ക പെഗുല നാട്ടുകാരിയായ കൊക്കോ ഗൗഫിനെയും ചെക്ക് താരം കരോളിന മുച്ചോവ ജപ്പാന്റെ നവോമി ഒസാക്കയെയും നേരിടും.

&&&&&&&&&&&&&&&&&&&